**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3915** **06-08-2021 - ൽ മറുപടിയ്ക്ക്**

**ജല അതോറിറ്റിയിൽ കൺസ്യൂമർ കെയർ സർവ്വീസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നിലവിൽ ജല അതോറിറ്റിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺസ്യൂമർ കെയർ സർവ്വീസ് നിലവിലുണ്ടോ; | (എ) | ഉണ്ട്. ജല ലഭ്യതയും മറ്റു അടിയന്തര കാര്യങ്ങളും വിളിച്ചു അന്വേഷിക്കുവാൻ കേരള ജല അതോറിറ്റിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ നമ്പർ (1916) നിലവിലുണ്ട്. കൂടാതെ ബന്ധപ്പെട്ട ഓഫീസിലെ ലാൻഡ് ലൈൻ ഫോൺ, ഉദ്യോഗസ്ഥരുടെ CUG നമ്പർ എന്നിവ വഴിയും പൊതുജനങ്ങൾക്ക് ജല ലഭ്യത സംബന്ധിച്ച വിവരം അറിയുവാൻ സാധിക്കും. |
| (ബി) | പൊതുജനങ്ങൾക്ക് ജലലഭ്യതയും മറ്റും സംബന്ധിച്ച അടിയന്തര കാര്യങ്ങൾ വിളിച്ചന്വേഷിക്കുന്നതിന് നിലവിൽ ഉള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; | (ബി) | ഉണ്ട്. ജല ലഭ്യതയും മറ്റു അടിയന്തര കാര്യങ്ങളും വിളിച്ചു അന്വേഷിക്കുവാൻ കേരള ജല അതോറിറ്റിയിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കാൾ സെന്റർ നമ്പർ (1916) നിലവിലുണ്ട്. കൂടാതെ ബന്ധപ്പെട്ട ഓഫീസിലെ ലാൻഡ് ലൈൻ ഫോൺ, ഉദ്യോഗസ്ഥരുടെ CUG നമ്പർ എന്നിവ വഴിയും പൊതുജനങ്ങൾക്ക് ജല ലഭ്യത സംബന്ധിച്ച വിവരം അറിയുവാൻ സാധിക്കും. |
| (സി) | രാത്രി സമയത്തും പൊതു അവധി ദിവസങ്ങളിലും ജലദൗർലഭ്യം, പൈപ്പ് അറ്റകുറ്റപ്പണികൾ എന്നിവ സംബന്ധിച്ച അറിയിപ്പുകൾ പൊതുജനങ്ങളെ അറിയിക്കാൻ സംവിധാനം ഒരുക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) | ജല ദൗർലഭ്യം , പൈപ്പ് അറ്റകുറ്റപണികൾ എന്നിവ സംബന്ധിച്ച അറിയിപ്പുകൾ പത്രം, ദൃശ്യമാധ്യമങ്ങൾ , FM റേഡിയോ എന്നിവ വഴി പൊതുജനങ്ങളെ യഥാസമയം അറിയിച്ചു വരുന്നു. ഏത് സമയത്തും ഉപഭോക്താക്കളെ SMS മുഖേന ജല വിതരണത്തിൽ ഉണ്ടാകുന്ന തടസ്സങ്ങൾ അറിയിക്കുവാനായി 'Service Interruption SMS Module' എന്ന അപ്ലിക്കേഷൻ ജല അതോറിറ്റിയിൽ ഉപയോഗിക്കുന്നുണ്ട്. പ്രധാനപ്പെട്ട എല്ലാ അറിയിപ്പുകളും ഇപ്പോൾ ജല അതോറിറ്റിയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്. പ്രധാന പൈപ്പ് ലൈനിൽ ചെയ്യുന്ന അറ്റകുറ്റപ്പണികൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ അധികൃതരെ മുൻകൂട്ടി അറിയിക്കുന്നു. ജല അതോറിറ്റിയിൽ പബ്ലിക് ഇൻഫർമേഷൻ |

| | | | |
|---|---|---|---|
| | | | ഓഫീസറുടെ (PIO) സേവനവും ഇതിനായി ഉപയോഗിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ